# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 696 | 29/06/2011-ൽ മറുപടിക്ക്

## ആദിവാസികൾക്ക് സൗജന്യമായി ലഭിക്കേണ്ട ചികിത്സാ സഹായം

| | ചോദ്യം | മറുപടി |
|---|---|---|
| | ശ്രീ. ആർ. സെൽവരാജ് | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ ആശുപത്രികളിലും മറ്റിതര ആശുപത്രികളിലും ആദിവാസികൾക്ക് സൗജന്യമായി ലഭിക്കേണ്ട ചികിത്സാ സഹായം യഥാസമയം ലഭിക്കാത്തതിനെപ്പറ്റിയുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ചില പരാതികൾ ശ്രദ്ധയിൽപ്പെട്ട സന്ദർഭങ്ങളിൽ ആശുപത്രി അധികൃതരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ആശുപത്രിയിലെത്തുന്ന പാവപ്പെട്ട ആദിവാസികളെ സഹായിക്കാൻ ആശുപത്രികളിൽ നിയമിക്കേണ്ട എസ്.ടി. പ്രൊമോട്ടർമാരെ നിയമിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എല്ലാ ആശുപത്രികളിലും എസ്.ടി. പ്രൊമോട്ടർമാരെ നിയമിച്ചിട്ടില്ല. ആവശ്യമെങ്കിൽ നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ ആദിവാസികൾക്ക് യഥാസമയം സൗജന്യ ചികിത്സാ സഹായം ലഭിക്കാൻ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതടക്കം എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം യഥാസമയം സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുള്ള മുൻകൂറായി ആശുപത്രികൾക്ക് ആവശ്യമായ തുക ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർക്ക് നൽകിവരുന്നു. കൂടാതെ ഈ പദ്ധതി പ്രകാരം സൗജന്യ ചികിത്സാ സഹായം തുടരുന്നതിലേക്ക് അധിക തുക കണ്ടെത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. ഹെൽത്ത് കാർഡിന്റെ അഭാവത്തിൽ റേഷൻകാർഡ്, വില്ലേജ് ഓഫീസിൽ നിന്നും ലഭിക്കുന്ന ജാതി സർട്ടിഫിക്കറ്റ് എന്നിവയുടെ അടിസ്ഥാനത്തിൽ സൗജന്യ ചികിത്സ ആശുപത്രികളിൽ നിന്നും ലഭ്യമാകുന്നതിനുള്ള സൗകര്യവും ലഭ്യമാണ്. അടിയന്തിര ഘട്ടങ്ങളിൽ മതിയായ രേഖകൾ ഇല്ലാത്തപക്ഷം ബന്ധപ്പെട്ട RMO-യുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും സൗജന്യ ചികിത്സ ലഭ്യമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ